# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വടവുകോട് ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(ബിപി)956/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 06/12/2021
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വടവുകോട് ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : വടവുകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടവുകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)അസി. ഡവലപ്പ്മെന്റ് കമ്മീഷണർ, എറണാകുളം
3)കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(ബിപി)956/2020 തീയ്യതി: 06/12/2021

## എറണാകുളം ജില്ലയിലെ വടവുകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വടവുകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-08-2019 മുതൽ 30-06-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മിനിമോൾ കെ.ജി | ജോയിന്റ് ഡയറക്ടർ | 01-04-2019 | 31-03-2020 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-07-2020 | 23-07-2020 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

വിനീത് ആർ. - അസി. ഓഡിറ്റ് ഓഫീസർ
ശ്രീജ ഉണ്ണികൃഷ്ണൻ – അസി. ഓഡിറ്റ് ഓഫീസർ
നവാസ് സി.എം. – സീനിയർ ഗ്രേഡ് ഓഡിറ്റർ
അഭിലാഷ് എം.ആർ. – ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഗൌരി വേലായുധൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷൈമോൻ ജോസഫ് | സെക്രട്ടറി | 01-04-2019 | 04-01-2020 |
| സുഗുണ റ്റി. പി. | സെക്രട്ടറി | 05-01-2020 | 16-01-2020 |
| ലാൽ കുമാർ ജെ.ആർ. | സെക്രട്ടറി | 17-01-2020 | 30-03-2020 |
| ഉണ്ണിമോൻ എൻ.കെ | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 01-04-2019 | 31-10-2019 |
| മിനി എം. പിള്ള | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 01-11-2019 | 31-03-2020 |
| പ്രീത .ആർ | സി.ഡി.പി.ഒ | 01-04-2019 | 31-07-2019 |
| ശാലിനി പ്രഭ | സി.ഡി.പി.ഒ | 01-08-2019 | 31-03-2020 |
| വിൽസൺ മത്തായി | എസ്.സി.ഡി.ഒ | 01-07-2019 | 31-03-2020 |
| പ്രിയ ജോസഫ് | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. അനിഷ് ബേബി | മെഡിക്കൽ ഓഫീസർ, (സി.എച്ച്.സി കടയിരിപ്പ്) | 01-04-2019 | 31-03-2020 |
| ഷെമി .എ.ച്ച് | വ്യവസായ വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| അമ്പിളി രവി | അസിസ്റ്റന്റ് എൻജിനീയർ | 01-04-2019 | 31-03-2020 |
| സാറാസൂര്യ ജോർജ്ജ് | അസിസ്റ്റന്റ്എക്സിക്യൂട്ടീവ് എൻജിനീയർ | 01-04-2019 | 31-03-2020 |
| ഡോ. വിനോദ് പൌലോസ് | മെഡിക്കൽ ഓഫീസർ, (സി.എച്ച്.സി. വടവുകോട്) | 01-04-2019 | 31-03-2020 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: R.Vineeth (Audit Officer)<br>Last Updated By: R.Vineeth (Audit Officer, On 05-12-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: R.Vineeth (Audit Officer)<br>Last Updated By: R.Vineeth (Audit Officer, On 05-12-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: R.Vineeth (Audit Officer)<br>Last Updated By: R.Vineeth (Audit Officer, On 05-12-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം (എ).സി.ആർ പ്രകാരം)<br>Written By: R.Vineeth (Audit Officer)<br>Last Updated By: R.Vineeth (Audit Officer, On 05-12-2021) | 1-4 |
| 5 | പദ്ധതി അവലോകനം.<br>Written By: R.Vineeth (Audit Officer)<br>Last Updated By: R.Vineeth (Audit Officer, On 05-12-2021) | 1-5 |
| 6 | ക്ഷേമപദ്ധതികൾ<br>Written By: R.Vineeth (Audit Officer)<br>Last Updated By: R.Vineeth (Audit Officer, On 05-12-2021) | 1-6 |
| 7 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: R.Vineeth (Audit Officer)<br>Last Updated By: R.Vineeth (Audit Officer, On 05-12-2021) | 1-7 |
| 8 | ആഭ്യന്തരനിയന്ത്രണം<br>Written By: R.Vineeth (Audit Officer)<br>Last Updated By: R.Vineeth (Audit Officer, On 05-12-2021) | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: R.Vineeth (Audit Officer)<br>Last Updated By: R.Vineeth (Audit Officer, On 05-12-2021) | 1-9 |
| 10 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: R.Vineeth (Audit Officer)<br>Last Updated By: R.Vineeth (Audit Officer, On 05-12-2021) | 1-10 |
| 11 | വാടക, ജി.എസ്.ടി. മുതലായവ ഈടാക്കിയതിലുള്ള കുറവ്.<br>Written By: R.Vineeth (Audit Officer)<br>Last Updated By: R.Vineeth (Audit Officer, On 05-12-2021) | 1-11 |
| 12 | പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: R.Vineeth (Audit Officer)<br>Last Updated By: R.Vineeth (Audit Officer, On 05-12-2021) | 1-12 |
| 13 | നിക്ഷേപ പ്രവൃത്തി - പൂർത്തീകരണ സാക്ഷ്യപത്രം, പട്ടികജാതി വികസന ഓഫീസറുടെ സ്ഥലപരിശോധനാ റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയില്ല<br>Written By: R.Vineeth (Audit Officer)<br>Last Updated By: R.Vineeth (Audit Officer, On 05-12-2021) | 1-13 |
| 14 | അഡോളസെന്റ് ക്ളബ്ബുകളിലെ കുട്ടികൾക്ക് മോട്ടിവേഷൻ ക്യാംപ്-പദ്ധതി മാർഗരേഖ പ്രകാരം അനുവദനീയമല്ല<br>Written By: R.Vineeth (Audit Officer)<br>Last Updated By: R.Vineeth (Audit Officer, On 05-12-2021) | 1-14 |
| 15 | സംയുക്ത പ്രൊജക്ടുകൾക്കായി ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയ തുകകൾ-പൂർത്തീകരണസാക്ഷ്യ പത്രം ലഭിച്ചിട്ടില്ല<br>Written By: R.Vineeth (Audit Officer)<br>Last Updated By: R.Vineeth (Audit Officer, On 05-12-2021) | 1-15 |

| | | |
|---|---|---|
| 16 | ലൈഫ് ഭവന പദ്ധതി-ചെലവ് പൂർണമായി പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ സാംഖ്യയിൽ ലഭ്യമല്ല<br>Written By: R.Vineeth (Audit Officer)<br>Last Updated By: R.Vineeth (Audit Officer, On 05-12-2021) | 1-16 |
| 17 | വൈദ്യുതി ചാർജ് കുടിശിക-വികസനഫണ്ടിൽ നിന്നും സർചാർജ് അടവാക്കി<br>Written By: R.Vineeth (Audit Officer)<br>Last Updated By: R.Vineeth (Audit Officer, On 05-12-2021) | 1-17 |
| **ഭാഗം 2** | | |
| 1 | ഇല്ല<br>Written By: R.Vineeth (Audit Officer)<br>Last Updated By: R.Vineeth (Audit Officer, On 05-12-2021) | 2-1 |
| **ഭാഗം 3** | | |
| 1 | ഇല്ല<br>Written By: R.Vineeth (Audit Officer)<br>Last Updated By: R.Vineeth (Audit Officer, On 05-12-2021) | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം<br>Written By: R.Vineeth (Audit Officer)<br>Last Updated By: R.Vineeth (Audit Officer, On 05-12-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: R.Vineeth (Audit Officer)<br>Last Updated By: R.Vineeth (Audit Officer, On 05-12-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: R.Vineeth (Audit Officer)<br>Last Updated By: R.Vineeth (Audit Officer, On 05-12-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: R.Vineeth (Audit Officer)<br>Last Updated By: R.Vineeth (Audit Officer, On 05-12-2021) | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: R.Vineeth (Audit Officer)<br>Last Updated By: R.Vineeth (Audit Officer, On 05-12-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: R.Vineeth (Audit Officer)<br>Last Updated By: R.Vineeth (Audit Officer, On 05-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: R.Vineeth (Audit Officer)<br>Last Updated By: R.Vineeth (Audit Officer, On 05-12-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: R.Vineeth (Audit Officer)<br>Last Updated By: R.Vineeth (Audit Officer, On 05-12-2021) | 4-8 |
| 9 | ചാർജ് / സർചാർജ് നടപടികളുടെ വിവരം<br>Written By: R.Vineeth (Audit Officer)<br>Last Updated By: R.Vineeth (Audit Officer, On 05-12-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: R.Vineeth (Audit Officer)<br>Last Updated By: R.Vineeth (Audit Officer, On 05-12-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: R.Vineeth (Audit Officer)<br>Last Updated By: R.Vineeth (Audit Officer, On 05-12-2021) | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | ഓഡിറ്റ് സാക്ഷ്യപത്രം |

# ഭാഗം -1

# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 16-02-19 തീയതിയിലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2019-20 | 31.7.2019 | 05.06.2020 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 17670484 |
| വരവ് | 53350826 |
| ആകെ | 71021310 |
| ചെലവ് | 58856242 |
| നീക്കിയിരിപ്പ് | 12165068 |

.

## 1-4 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി | ലാപ്സായ തുക |
|---|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 33698100 | 33698100 | 26730479 | 0 | 6967621 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | | 0 | 20138100 | 20138100 | 12584555 | 0 | 7553545 |
| വികസന ഫണ്ട് – ടി.എസ്.പി (ACR പ്രകാരം) | | 0 | 559000 | 559000 | 0 | 0 | 559000 |
| മെയിൻറനൻസ് , നോൺ റോഡ് (ACR പ്രകാരം) | | 0 | 4407000 | 4407000 | 2948734 | 0 | 1458266 |
| ജോയിന്റ് വെഞ്ചർ ട്രഷറി | | 1500725 | 0 | 1500725 | 783490 | 717235 | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | TSC | 522711 | 20287 | 542998 | 0 | 542998 | |
| | MKSP | 929 | 21 | 950 | 900 | 50 | |
| SBT IAY | | 2852 | 26501 | 29353 | 29353 | 0 | |
| IAY State Share | | 10982 | 448 | 11430 | 0 | 11430 | |
| SBT സാക്ഷരത | | 2881 | 76 | 2957 | 2957 | 0 | |
| UBI Misc | | 65561 | 226483 | 292044 | 149103 | 142941 | |
| IAY Loan | | 25500 | -- | 25500 | -- | 25500 | |
| IAY Corporation Bank Admin | | 14070 | 119 | 14189 | 14189 | 0 | |
| Canara Bank Homestead | | 80445 | 2498 | 82943 | 82943 | 0 | |
| കോർപ്പറേഷൻ ബാങ്ക് ജോയിന്റ് വെഞ്ചർ അക്കൌണ്ട് ((SBT IAY നിന്നും TC ചെയ്തത് | ഗ്രാമ പഞ്ചായത്ത് | 3857133 | 0 | 3857133 | 3857133 | 0 | |
| | ജില്ലാ പഞ്ചായത്ത് | 6106620 | 0 | 6106620 | 2244204 | 3862416 | |
| CSR Fund | | | | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | 2891523 | 5393573 | 8285096 | 6269876 | 2015220 | |
| തനത് ഫണ്ട് | ട്രഷറി അക്കൌണ്ട് | 2588552 | 6798772 | 9387324 | 4540046 | 4847248 | |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 121 | 86496683 | 64 | 43497110 | - | 57 | 52.89 |

## 1-6 ക്ഷേമപദ്ധതികൾ

ഇല്ല

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15-07-2020 ന് ബ്ലോക്ക്പഞ്ചായത്ത് ഹെഡ് ക്ലാർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ അന്നേ ദിവസം കളക്ഷൻ ഇല്ലാത്തതായി ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തര നിയന്ത്രണം സംബന്ധിച്ച താഴെപ്പറയുന്ന അപാകതകൾ പരിഹരിക്കേണ്ടതാണ്.

1.പുതിയ ഓഫീസ് കെട്ടിടത്തിലെ ഫർണീച്ചറുകൾക്ക് ക്രമ നമ്പർ രേഖപ്പെടുത്തി സ്റ്റോക്കിലെടുത്തിട്ടില്ല.

2. വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. പ്രോജക്ടുകളുടെ നിർവ്വഹണത്തെയും നിർവ്വഹണ ഉദ്യോഗസ്ഥനെയും സഹായിക്കുന്ന പ്രവർത്തനമാണ് മോണിട്ടറിങ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്ടുകളുടെ നിർവ്വഹണം വിഭാവനം ചെയ്തതരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ദിശാഗതി നിർണ്ണയം നടത്തുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്. മോണിട്ടറിങ് നടത്തേണ്ട ഉത്തരവാദിത്തം അതാത് വർക്കിങ് ഗ്രൂപ്പുകൾക്കാണ്. ഓഡിറ്റ് വർഷത്തിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല.

3. ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനംഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26-08-2019മുതൽ 04-09-19 വരെ | 2018-19 | 01-01-20 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07-3-18 | 2013-14 മുതൽ 2016-17വരെ | 09-05-18 |

## 1-10 വാർഷിക കണക്കിലെ അപാകതകൾ

2019-20 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. വികസന ഫണ്ട് (ജനറൽ) ന്റെ ചെലവ് വിവിധ പത്രികകളിൽ വ്യത്യസ്തമായി കാണുന്നു.

| Receipt And Payment Account (RP-7) പ്രകാരം | Income And Expenditure (I-6) പ്രകാരം | ACR പ്രകാരം |
|---|---|---|
| 26730479 | 27230479 | 27135081 |

2. ബാലൻസ് ഷീറ്റിലെ B – 9 ഷെഡ്യൂളിലെ 350300109, 350410999 ഹെഡുകൾ പ്രകാരമുള്ള തുകകളുടെ (യഥാക്രമം 285851, 81308 രൂപ) നിജസ്ഥിതി ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തിയില്ല.

3.പ്രോജക്റ്റ് നം. 9/20 പ്രകാരം KWA യ്ക്ക് മുൻകൂർ നൽകിയ 406000 രൂപയുടെ വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല. എന്നാൽ ഈ തുക B – 18 ഷെഡ്യൂളിൽ വിനിയോഗിക്കാത്ത മുൻകൂറായി ഉൾപ്പെടുത്തിയിട്ടില്ല.

4. Income And Expenditure Statement ലെ I-18 പ്രകാരം കൊടുത്തിട്ടുള്ള ചുവടെ ചേർക്കുന്ന തുകകളുടെ നിജസ്ഥിതി ഓഡിറ്റിനെ ബോധ്യപ്പെടുത്തിയില്ല.

| ക്രമ നം | ഹെഡ് | തുക |
|---|---|---|
| 1 | 280300599 | (4576800) |
| 2 | 280600499 | 43636 |
| 3 | 280800301 | 1143975 |
| 4 | 280800701 | 40654 |

## 1-11 വാടക, ജി.എസ്.ടി. മുതലായവ ഈടാക്കിയതിലുള്ള കുറവ്.

വടവുകോട് ബ്ലോക്ക് പഞ്ചായത്ത് സമുച്ചയത്തിലുള്ള കെട്ടിട മുറികളുടെ വാടകയും ജി.എസ്.ടി. യും ഈടാക്കിതിൽ കുറവ് സംഭവിച്ചു. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനങ്ങളുടെ പേര് | വാടക ഈടാക്കാനുള്ള കാലയളവ് | വാടക തുക | ജി.എസ്.ടി. (18 %) | ആകെ തുക |
|---|---|---|---|---|---|
| 1 | ദർശന കുടുംബശ്രീ (മുറി നമ്പർ - 311) | മാർച്ച് 2020 | 1048 | 190 | 1238 |
| 2 | ഗ്രേസ് കുടുംബശ്രീ കാന്റീൻ (മുറി നമ്പർ - 330 ) | ഡിസംബർ 2019 - മാർച്ച് 2020 | 5250x4 = 21000 | 945x4 = 3780 | 24780 |
| 3 | എഞ്ചൽ ടൈലറിങ്ങ് യൂണിറ്റ് (മുറി നമ്പർ - 333) | ഫെബ്രുവരി 2020 - മാർച്ച് 2020 | 1103x2 = 2206 | 199x2 = 398 | 2604 |
| 4 | എഞ്ചൽ ടൈലറിങ്ങ് യൂണിറ്റ് (മുറി നമ്പർ - 335)4 | ഫെബ്രുവരി 2020 – മാർച്ച് 2020 | 1158x2 = 2316 | 208x2 = 416 | 2732 |
| 5 | ഭക്ഷ്യ സുരക്ഷാ വകുപ്പ് കാര്യാലയം (മുറി നമ്പർ - 331) | ഓഗസ്റ്റ് 2019-ഡിസംബർ 2019<br>ജനുവരി2020 - മാർച്ച് 2020 | 1103x5 = 5515<br>1158x3 = 3474 | 199x5 = 995<br>208x3 = 624 | 6510<br>4098 |
| 6 | വാസ്കോസ് ബ്യൂട്ടി പാർലർ (മുറി നമ്പർ - 311) | ഫെബ്രുവരി 2020 - മാർച്ച് 2020 | 1048x2 = 2096 | 190x2 = 380 | 2476 |
| 7 | ജനനി കുടുംബശ്രീ (മുറി നമ്പർ - 334) | ഫെബ്രുവരി 2020 - മാർച്ച് 2020 | 1153x2 = 2306 | 208x2 = 416 | 2722 |

| | | | | | |
|---|---|---|---|---|---|
| 8 | സാമ്പത്തിക സാക്ഷരത കേന്ദ്രം, പഞ്ചാബ് നാഷണൽ ബാങ്ക് (മുറി നമ്പർ - 332) | ഒക്ടോബർ 2018- ഒക്ടോബർ 2019 | വാടക പൂർണ്ണമായും ഈടാക്കിയിട്ടുണ്ട് | വാടകയോടൊപ്പം GSTഈടാക്കിയിട്ടില്ല. 437x13= 5681 (ജി.എസ്.ടി. കുടിശ്ശിക ) | 5681 |
| | | നവംബർ 2019 – മാർച്ച് 2020 | 5% വാർഷിക വാടക വർദ്ധനവ് ഈടാക്കിയിട്ടില്ല. 121x5 = 605 | 459x5 = 2295 | 2900 |
| | ആകെ തുക | | 40566 | 15175 | 55741 |

മേൽ പരാമർശിച്ച കുടിശ്ശിക തുക ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ഈടാക്കേണ്ടതാണെന്നും സാമ്പത്തിക സാക്ഷരത കേന്ദ്രത്തിന്റെ (മുറി നമ്പർ - 332) വാടക കരാർ 31/10/2019 ന അവസാനിച്ചതിനാൽ ടി സ്ഥാപനവുമായി നിയമാനുസൃതമായി കരാർ പുതുക്കേണ്ടതാണെന്നും നിർദേശിച്ച് 19/07/2020 ന നല്കിയ 1-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക വാടക കുടിശ്ശിക ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ഈടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടിയാണ് ലഭിച്ചത്. വാടക കുടിശ്ശിക ഈടാക്കിയതിന്റെയും ജി.എസ്.ടി. തുക വകുപ്പിൽ അടവാക്കിയതിന്റെയും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20 വർഷത്തേയ്ക്കുള്ള പ്രോജക്ടുകൾക്കുള്ള അംഗീകാരം ജില്ലാ ആസൂത്രണ സമിതി 28.12.2018 ൽ നല്കിയതാണ് (നമ്പർ 61139/18/DPC/DPO/EKM). ഒരു സാമ്പത്തിക വർഷം പൂർണ്ണമായി പദ്ധതി നിർവ്വഹണത്തിന് ലഭിച്ചിട്ടും അംഗീകാരം ലഭിച്ച 121 പ്രോജക്ടുകളിൽ 64 പ്രോജക്ടുകൾ മാത്രമാണ് (53 ശതമാനം) ബ്ലോക്ക് പഞ്ചായത്ത് നിർവ്വഹണം നടത്തിയിട്ടുള്ളത്. പ്രോജക്ട് നിർവ്വഹണത്തിലെ മെല്ലെപ്പോക്കിന് ഒരു പ്രധാന കാരണം ആസൂത്രണ സമിതിയോഗം വിളിച്ചുകൂട്ടുന്നതിൽ വന്ന അപാകതയാണ്.
തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന വേണ്ട സഹായം നൽകുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായും, സ്റ്റാന്റിംഗ് കമ്മിറ്റി അദ്ധ്യക്ഷന്മാർ അംഗങ്ങളായും, കില ഫാക്കൽറ്റി പ്രൊഫ. എൻ.പി. വർഗ്ഗീസ് ഉപാദ്ധ്യക്ഷനായും, 11 വിദഗ്ദ്ധർ / സന്നദ്ധ സേവകരെയും ചേർത്ത് 2019-20 വർഷത്തിൽ ആസൂത്രണ സമിതി രൂപീകരിച്ചിട്ടുണ്ടെങ്കിലും, രജിസ്റ്റർ പരിശോധിച്ചതിൽ പ്രസ്തുത സമിതി ഒരിക്കൽ പോലും യോഗം ചേർന്നിട്ടില്ലാത്തതായി കാണുന്നു. പദ്ധതി തയ്യാറാക്കുന്നതിനുള്ള സർക്കാർ മാർഗരേഖ പ്രകാരം (29.01.2018 തീയതിയിലെ ജി.ഓ.(ആർ.ടി.)11/2018/ത.സ്വ.ഭ.വ) തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പദ്ധതി രൂപീകരണ നിർവ്വഹണ കാര്യങ്ങളിൽ സജീവമായി ഇടപെടേണ്ട ആസൂത്രണ സമിതി ഓഡിറ്റ് വർഷത്തിൽ ഒരിക്കൽ പോലും വിളിച്ച് കൂട്ടാതിരുന്നത് ബ്ലോക്ക് പഞ്ചായത്തിന്റെ വീഴ്ചയാണ്.

2019-20 വർഷത്തെ മാസം തിരിച്ചുള്ള ചെലവിന്റെ (ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) വിവരം ചുവടെ ചേർക്കുന്നു.

| മാസം | ചെലവ് തുക | ആകെ ചെലവിന്റെ ശതമാനം |
|---|---|---|
| ഏപ്രിൽ 2019 | 38,51,824 | 7.14 |
| മെയ് 2019 | 3,70,574 | 0.68 |
| ജൂൺ 2019 | 78,25,956 | 14.52 |
| ജൂലൈ 2019 | 69,98,362 | 12.98 |
| ആഗസ്റ്റ് 2019 | 17,61,582 | 3.26 |
| സെപ്റ്റംബർ 2019 | 23,94,650 | 4.44 |
| ഒക്ടോബർ 2019 | 26,82,451 | 4.97 |
| നവംബർ 2019 | 31,12,046 | 5.77 |

| | | |
|---|---|---|
| ഡിസംബർ 2019 | 46,95,246 | 8.71 |
| ജനവരി 2020 | 33,54,884 | 6.22 |
| ഫെബ്രുവരി 2020 | 38,20,520 | 7.08 |
| മാർച്ച് 2020 | 130,18,917 | 24.15 |
| ആകെ | 53887012 | 100.00 |

ഒരു സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിലായിമാത്രം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഭൂരിഭാഗം ചെലവുകളും നടക്കുന്നത് ഒഴിവാക്കുവാനായി പ്രോജക്ടുകൾക്ക് സാമ്പത്തിക വർഷം തുടങ്ങുന്നതിന് മുമ്പേ അംഗീകാരം നൽകുന്നതും, ഏപ്രിൽ മാസം തന്നെ ഫണ്ട് ലഭ്യമാക്കുന്നതും ഉൾപ്പെടെ സർക്കാർ നടപ്പിൽ വരുത്തിയ പരിഷ്കാരങ്ങൾ അനുസരിച്ച് പദ്ധതി പൂർത്തീകരണം ക്രമപ്പെടുത്താൻ ബ്ലോക്ക് പഞ്ചായത്തിന് സാധിച്ചിട്ടില്ല. ഈ അപാകതകൾ ഭാവിയിൽ ഒഴിവാക്കുന്നതിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13 നിക്ഷേപ പ്രവൃത്തി - പൂർത്തീകരണ സാക്ഷ്യപത്രം, പട്ടികജാതി വികസന ഓഫീസറുടെ സ്ഥലപരിശോധനാ റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയില്ല

ബ്ളോക്ക് പഞ്ചായത്തിന്റെ 2019 -20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ചുവടെ ചേർക്കുന്ന പ്രവൃത്തിക്ക് വാട്ടർ അതോറിറ്റിക്ക് എസ്.സി.പി.ഫണ്ടിൽ നിന്നും തുക മുൻകൂറായി നല്കിയിട്ടുണ്ട്. പൂർത്തീകരണ സാക്ഷ്യപത്രം, ഫൈനൽ ബിൽ എന്നിവ ലഭിച്ചതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയില്ല.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പരും പേരും | ബിൽ നമ്പരും തീയതിയും | തുക |
|---|---|---|---|
| 1 | 09/19-20 വടവുകോട്-പുത്തൻകുരിശ്-രാമല്ലൂർ-മുപ്പാട്ടിമുകൾ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21/2019-20/05.9.19 | 4,06,000/- |

പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗരേഖ സ.ഉ.(കൈ)നം.11/2018/ത.സ്വ.ഭ.വ,തീ.29.01.18 ലെ ഖണ്ഡിക 6.1.6, ഖണ്ഡിക 6.1.9 എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം പദ്ധതിയുടെ ഗുണഭോക്തൃ കുടുംബങ്ങളിൽ അൻപത് ശതമാനത്തിലധികം പട്ടികജാതിക്കാരാണെന്ന ബ്ളോക്ക് പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തിയ റിപ്പോർട്ട്, ആയത് തെളിയിക്കുന്നതിനായി പദ്ധതിയുടെ പ്രയോജനം ലഭിക്കുന്ന പ്രദേശത്തിന്റെ സാമൂഹ്യ ഭൂപടം, പ്രയോജനം ലഭിക്കുന്ന കുടുംബങ്ങളുടെയും പട്ടികജാതി കുടുംബങ്ങളുടെയും പട്ടികകൾ ബ്ളോക്ക് പട്ടികജാതി വികസന ഓഫീസർ സ്ഥലപരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയത് എന്നിവ ഹാജരാക്കാതെയാണ് എസ്.സി.പി.ഫണ്ടിൽ നിന്നും തുക അനുവദിച്ചത്. പൂർത്തീകരണ സാക്ഷ്യപത്രം, പട്ടികജാതി വികസന ഓഫീസറുടെ റിപ്പോർട്ട് എന്നിവ ഹാജരാക്കുന്നതു വരെ 4,06,000/-രൂപ തടസപ്പെടുത്തുന്നു.

ഇത് സംബന്ധിച്ച് നൽകിയ 5/2019-20,തീ.22.7.2020 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ബ്ലോക്ക് പഞ്ചായത്ത് മറുപടി ലഭ്യമാക്കിയില്ല.

## 1-14 അഡോളസെന്റ് ക്ളബ്ബുകളിലെ കുട്ടികൾക്ക് മോട്ടിവേഷൻ ക്യാംപ്-പദ്ധതി മാർഗരേഖ പ്രകാരം അനുവദനീയമല്ല

| | |
|---|---|
| പ്രൊജക്ട് നമ്പർ | 78/2019-20 |
| പ്രൊജക്ടിന്റെ പേര് | 6 പഞ്ചായത്തുകളിലെ അഡോളസെന്റ് ക്ലബ്ബുകളിലെ കുട്ടികൾക്ക് മോട്ടിവേഷൻ ക്യാംപ് |
| നിർവ്വഹണോദ്യോഗസ്ഥ | സി.ഡി.പി.ഓ |
| അടങ്കൽ | 1,00,000/-(പൊതുവിഭാഗം വികസന ഫണ്ട്) |
| ചെലവ് | 51,961/- |
| ബിൽ നമ്പർ | 08/19-20/തീ.26.2.2020 |

ബ്ലോക്കിനു കീഴിലുള്ള പഞ്ചായത്തുകളിലെ അഡോളസന്റ് ക്ലബ്ബുകളിൽ അംഗങ്ങളായ കൗമാരക്കാരായ പെൺകുട്ടികൾക്ക് 2019 ഡിസംബർ 21 ന് കോലഞ്ചേരി സെന്റ് പീറ്റേഴ്സ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ ഓഡിറ്റോറിയത്തിൽ വെച്ച് നിറങ്ങൾ എന്ന പേരിൽ മോട്ടിവേഷൻ ക്യാമ്പ് നടത്തി. ലൈഫ് സ്കിൽ ഓറിയന്റേഷൻ, പ്രീ-മാരിറ്റൽ കൗൺസലിംഗ്, പോക്സോ ആക്ട് എന്നിവയെക്കുറിച്ച് വിദഗ്ധർ കുട്ടികൾക്ക് ക്ലാസ് എടുത്തു.

പതിമൂന്നാം പഞ്ചവൽസര പദ്ധതി സബ്സിഡി മാർഗരേഖ,സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ,തീ.14.2.18 ലെ ഖണ്ഡിക 8.4 പ്രകാരം ഉല്പാദനപരമല്ലാത്ത പരിപാടികളായ ബോധവൽക്കരണ ക്യാംപയിനുകൾ, ക്യാമ്പുകൾ, മേളകൾ, ഉത്സവങ്ങൾ, സെമിനാറുകൾ എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വികസന ഫണ്ട് ഉപയോഗിച്ച് ഏറ്റെടുത്ത് നടത്താൻ പാടില്ല എന്നിരിക്കെ മാർഗരേഖയ്ക്ക് വിരുദ്ധമായി പൊതു വിഭാഗം വികസന ഫണ്ട് ചെലവഴിച്ച് മോട്ടിവേഷൻ ക്യാംപ് നടത്തിയത് അംഗീകരിക്കാനാവില്ല.

കേന്ദ്ര സർക്കാരിനു കീഴിലുള്ള വനിതാശിശു ക്ഷേമ മന്ത്രാലയം കൗമാരക്കാരായ പെൺകുട്ടികളുടെ ക്ഷേമത്തിനായി നടപ്പാക്കിയ കിശോരി ശക്തി യോജന(KSY)യുടെ ഭാഗമായാണ് ഓരോ അംഗനവാടിക്കു കീഴിലും അഡോളസെന്റ് ക്ലബ്ബുകൾ രൂപീകരിച്ചത്. ക്ലബ്ബുകൾക്ക് പ്രസിഡന്റ്, സെക്രട്ടറി എന്നിവരെ തെരഞ്ഞെടുക്കുകയും മാസത്തിൽ ഒരിക്കലെങ്കിലും യോഗം ചേരുകയും ചെയ്യുന്നു. അഡോളസന്റ് ക്ലബ്ബുകളിലെ കുട്ടികൾക്കുള്ള വിവിധ ബോധവൽക്കരണ പരിപാടികൾക്കായി കേന്ദ്ര സർക്കാരിൽ നിന്നും ഫണ്ട് അനുവദിക്കുന്നുണ്ടെന്നിരിക്കെ മോട്ടിവേഷൻ ക്യാംപിനായി പദ്ധതിപ്പണം ചെലവഴിച്ചത് ശരിയായ നടപടിയല്ല.

കൂടാതെ 2019-20 വർഷം തുക വകയിരുത്തി ഡി.പി.സി. അംഗീകാരം ലഭിച്ചതും പദ്ധതി മാനദണ്ഡങ്ങൾ പാലിക്കുന്നതുമായ അംഗനവാടികൾക്ക് ഔട്ട്ഡോർ കളിയുപകരണങ്ങൾ സ്ഥാപിക്കൽ, ഐ.സി.ഡി.എസ്. റിസോഴ്സ് സെന്ററിന് അടിസ്ഥാന സൗകര്യങ്ങൾ, ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ നൽകൽ എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിന് പദ്ധതി വർഷം യാതൊരു തുകയും ചെലവഴിക്കാതെയാണ് ഉല്പാദനപരമല്ലാത്ത മേൽ പദ്ധതിക്ക് വികസന ഫണ്ട് ചെലവഴിച്ചത്. ഉല്പാദനപരമല്ലാത്തതും മാർഗരേഖ പ്രകാരം അനുവദനീയമല്ലാത്തതുമായ ഇത്തരം പദ്ധതികൾ ഭാവിയിൽ ഏറ്റെടുത്ത് നടപ്പാക്കാതിരിക്കാൻ ശ്രദ്ധ പുലർത്തേണ്ടതാണ്.

മേൽ വിഷയം സംബന്ധിച്ച് 22.7.2020ൽ നൽകിയ 6/19-20 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കി. പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടുമാത്രം ഭാവിയിൽ പ്രോജക്ടുകൾ ഏറ്റെടുത്തു നടപ്പിലാക്കുന്നതാണെന്നും തെറ്റ് ഇനി ആവർത്തിക്കില്ലെന്നുമാണ് മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്.

## <u>1-15 സംയുക്ത പ്രൊജക്ടുകൾക്കായി ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയ തുകകൾ-പൂർത്തീകരണസാക്ഷ്യ പത്രം ലഭിച്ചിട്ടില്ല</u>

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്തുകൾക്ക് റോഡ് പ്രവൃത്തികൾക്കായി പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും ചുവടെ ചേർക്കുന്നതു പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകിയിട്ടുണ്ട്. പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യ പത്രം, ഫൈനൽ ബിൽ എന്നിവ ലഭിച്ചിട്ടില്ല.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പരും പേരും | തുക ലഭിച്ച ഗ്രാമപഞ്ചായത്തിന്റെ പേര് | ബിൽ നമ്പരും തീയതിയും | തുക |
|---|---|---|---|---|
| 1 | 57/19-20<br>തണ്ണാംകുഴി-മാടശേരി കോളനി റോഡ് നിർമാണം-കുന്നത്തുനാട് ഗ്രാമപഞ്ചായത്തിന് തുക കൈമാറൽ | കുന്നത്തുനാട് | 12/19-20/29.7.19 | 5,00,000/- |
| 2 | 92/19-20<br>മഴുവന്നൂർ പഞ്ചായത്ത്-വാർഡ് 12- കമ്മത-കുഴൂർ ക്ഷേത്രം റോഡ് മെറ്റലിംഗ്, ടാറിംഗ്- തുക കൈമാറൽ | മഴുവന്നൂർ | 11/19-20/29.7.19 | 5,00,000/- |
| | | | ആകെ | 10,00,000/- |

പൂർത്തീകരണ സാക്ഷ്യപത്രം, ഫൈനൽ ബിൽ എന്നിവ ഹാജരാക്കുന്നതു വരെ 10,00,000/- രൂപ തടസപ്പെടുത്തുന്നു.

ഇത് സംബന്ധിച്ച് നൽകിയ 7/2019-20, തീ.22.7.2020 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കിയില്ല.

## 1-16 ലൈഫ് ഭവന പദ്ധതി-ചെലവ് പൂർണമായി പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ സാംഖ്യയിൽ ലഭ്യമല്ല

| | |
|---|---|
| പ്രൊജക്റ്റിന്റെ പേര് | ലൈഫ് ഭവന നിർമാണ പദ്ധതി (ജനറൽ) |
| അടങ്കൽ | 69,39,600/- |
| ചെലവ് | 69,00,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ലൈഫ് (ജനറൽ)പദ്ധതിയിൽ 2019-20 വർഷം ആകെ ചെലവായ 69,00,000/-രൂപയിൽ 30,00,000/-രൂപ പഞ്ചായത്തിന്റെ STSB അക്കൗണ്ടിലേക്ക് ചുവടെ ചേർക്കുന്നതു പ്രകാരം നൽകിയിട്ടുണ്ട് (മഴവന്നൂർ പഞ്ചായത്ത്).

| ബിൽ നമ്പരും തീയതിയും | തുക |
|---|---|
| 13/2019-20/29.7.19 | 10,00,000 |
| 14/2019-20/29.7.19 | 10,00,000 |
| 15/2019-20/29.7.19 | 10,00,000 |

ബാക്കി 39,00,000/-രൂപ അതാത് പഞ്ചായത്തുകളിലെ ലൈഫ് പദ്ധതിയുടെ നിർവ്വഹണോദ്യോഗസ്ഥനായ വി.ഇ.ഓ അലോട്ട്മെന്റിനായി ബ്ലോക്ക് പഞ്ചായത്തിലേക്ക് നേരിട്ട് റിക്വിസിഷൻ നൽകി തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകുകയാണ് ചെയ്തത്. ഓരോ പഞ്ചായത്തിലേക്കും അലോട്ട് ചെയ്ത തുകകൾ എത്രയെന്ന പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ സാംഖ്യ സോഫ്റ്റ് വെയറിൽ ലഭ്യമല്ല.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 4/19-2020 |
| പ്രൊജക്റ്റിന്റെ പേര് | ലൈഫ് ഭവന നിർമാണ പദ്ധതി(SCP) |
| അടങ്കൽ | 38,56,800/- |
| ചെലവ് | 36,71,653/- |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ലൈഫ് (SCP) പദ്ധതിയിൽ 2019-20 വർഷം ആകെ ചെലവായ 36,71,653/-രൂപയിൽ 12,24,000/-രൂപ മഴവന്നൂർ പഞ്ചായത്തിന്റെ STSB അക്കൗണ്ടിലേക്കും PMAY പദ്ധതിയുടെ 2 ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്കും ചുവടെ ചേർക്കുന്നതു പ്രകാരം നൽകിയിട്ടുണ്ട്.

| ബിൽ നമ്പരും തീയതിയും | തുക |
|---|---|
| 16/19-20/29.7.19 | 10,00,000 (മഴവന്നൂർ പഞ്ചായത്തിന്) |
| 23/19-20/ 20.9.19 | 1,12,000/- |
| 28/19-20/15.11.19 | 1,12,000/- |
| ആകെ | 12,24,000/- |

ബാക്കി 24,47,653/-രൂപ വി.ഇ.ഓ.മാരുടെ റിക്വിസിഷൻ പ്രകാരം ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകുകയാണ് ചെയ്തത്. ഓരോ പഞ്ചായത്തിലേക്കും അലോട്ട് ചെയ്ത തുകകൾ എത്രയെന്ന പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ സാംഖ്യ സോഫ്റ്റ് വെയറിൽ ലഭ്യമല്ല. ഐ.കെ.എം. ആയി ബന്ധപ്പെട്ട് പ്രസ്തുത അപാകത പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-17 വൈദ്യുതി ചാർജ് കുടിശിക-വികസനഫണ്ടിൽ നിന്നും സർചാർജ് അടവാക്കി

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 140/2019-20 |
| പ്രൊജക്റ്റിന്റെ പേര് | വടവുകോട് സി.എച്ച്.സി യുടെ വൈദ്യുതി ചാർജ് കുടിശിക – രണ്ടാം ഗഡു അടയ്ക്കൽ |
| | |

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 9,08,785/-(പൊതു വിഭാഗം വികസന ഫണ്ട്) |
| ചെലവ് | 9,08,785/- |
| ബിൽ നമ്പറും തീയതിയും | 33/2019-20/30.01.2020 |

വടവുകോട് സി.എച്ച്.സി മെഡിക്കൽ ഓഫീസറുടെ പേരിലുള്ള 3362, 3363, 3364, 3368, 9881 എന്നീ 5 കൺസ്യൂമർ നമ്പറുകളിലെ 1/2000 മുതൽ 3/2008 വരെയുള്ള വൈദ്യുതി ചാർജ് കുടിശിക, 5,54,471/-രൂപയും 4,54,314/- രൂപ സർചാർജ്ജും ഉൾപ്പെടെ ആകെ 10,08,785/-രൂപ അടവാക്കേണ്ടതാണെന്ന് KSEB യിൽ നിന്നും കത്ത് ലഭിച്ചതിനെ തുടർന്ന് ആദ്യ ഗഡുവായി 1,00,000/- രൂപ 29.12.18 ൽ അടവാക്കി. ബാക്കി തുക 9,08,785/-രൂപ ബിൽ നമ്പർ 33/2019-20, തീ.30.01.2020 പ്രകാരം പൊതു വിഭാഗം വികസന ഫണ്ടിൽ നിന്നും അടവാക്കി.

ഫയൽ പരിശോധിച്ചതിൽ, RW/PTZ/RHC Arrear/2015-16 തീ.01.02.16 പ്രകാരം KSEB അസി.എൻജിനീയർ, പുത്തൻകുരിശ്, കുടിശിക വിവരം മെഡിക്കൽ ഓഫീസറെ അറിയിച്ചിരുന്നു. എന്നാൽ മെഡിക്കൽ ഓഫീസർ വിവരം ബ്ലോക്ക് പഞ്ചായത്തിൽ യഥാസമയം അറിയിച്ചില്ല. കൈമാറിക്കിട്ടിയ ഒരു സ്ഥാപനം 8 വർഷക്കാലത്തോളം വൈദ്യുതി ബിൽ അടവാക്കാതിരുന്നിട്ടും ആയത് ശ്രദ്ധിക്കാതിരുന്നത് ബ്ലോക്ക് പഞ്ചായത്തിന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയാണ്. 30.01.18 ൽ KSEBയിൽ നിന്നും കത്തു വന്നപ്പോഴാണ് പഞ്ചായത്ത് വിവരംഅറിഞ്ഞത്. KSEB യിൽനിന്നും ലഭിച്ച അരിയർ സ്റ്റേറ്റ്മെന്റിന്റെ കൃത്യത പരിശോധിക്കാനുള്ള രേഖകൾ ഒന്നും ലഭ്യമല്ല.

കുടിശിക വരുത്തിയ കാലയളവിലെ മെഡിക്കൽ ഓഫീസർമാർ ആരാണെന്നു കണ്ടെത്തി അവരിൽ നിന്നും സർചാർജ് തുക 4,54,314/- ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല. KSEBയിൽ നിന്നും ലഭിച്ച ബില്ലുകൾ പഞ്ചായത്തിൽ ഹാജരാക്കാതിരുന്നതിനുള്ള കാരണം അറിയിക്കുവാൻ മെഡിക്കൽ ഓഫീസറോട് ആവശ്യപ്പെടുക മാത്രമാണ് ബ്ളോക്ക് പഞ്ചായത്ത് ചെയ്തത്. മെയിന്റനൻസ് ഗ്രാന്റിൽ തുക ലഭ്യമല്ലാതെ വന്നതിനാൽ വികസന ഫണ്ട് വകയിരുത്തിയ നിരവധിപ്രൊജക്ടുകൾ ഒഴിവാക്കിയാണ് കുടിശിക അടവാക്കുന്നതിനുള്ള തുക പഞ്ചായത്ത് കണ്ടെത്തിയത്.വൈദ്യുതി ചാർജ് കൃത്യമായി അടവാക്കുന്നതിൽ മെഡിക്കൽ ഓഫീസർമാരുടെ ഭാഗത്തു നിന്നുണ്ടായ അനാസ്ഥയും ആയത് പഞ്ചായത്ത് ശ്രദ്ധിക്കാതിരുന്നതും മൂലം വികസന കാര്യങ്ങൾക്കായി ഉപയോഗിക്കേണ്ടിയിരുന്ന ഭീമമായ തുക സർചാർജിനത്തിൽ അടവാക്കേണ്ടി വന്നു.

സർചാർജ് ഇനത്തിൽ ഭീമമായ തുക അടവാക്കേണ്ടി വന്നതിലൂടെ പഞ്ചായത്ത് ഫണ്ടിന് നഷ്ടം വരുത്തിയ മെഡിക്കൽ ഓഫീസർമാരെ കണ്ടെത്തി തുക തിരികെ ഈടാക്കുന്നതുവരെ 4,54,314/-രൂപ തടസപ്പെടുത്തുന്നു.

ഈ വിഷയം സംബന്ധിച്ച് നൽകിയ 9/2019-20/22.7.2020 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കി. KSEB വൈദ്യുതി വിച്ഛേദിച്ചാൽ രോഗികൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനാണ് അടിയന്തിരമായി പ്ലാൻ ഫണ്ടിൽ നിന്നും തുക അടവാക്കിയതെന്നും ഭാവിയിൽ ഇത്തരം വീഴ്ചകൾ വരാതെ ശ്രദ്ധിക്കുന്നതാണെന്നുമാണ് മറുപടിയിൽ പറഞ്ഞിരിക്കുന്നത്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

**2-1 ഇല്ല**

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

**3-1 ഇല്ല**

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

2019-20 വർഷത്തെ ഓഡിറ്റിനോടൊപ്പമാണ് വാർഷിക ധനകാര്യപത്രിക പരിശോധിച്ചിട്ടുള്ളത്. അപാകതകൾ അനുബന്ധം -1ൽ ചേർത്തിട്ടുണ്ട്.

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഓഡിറ്റ് വർഷം തുകയൊന്നും ലഭിച്ചിട്ടില്ല.

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | വടവുകോട് പുത്തൻകുരിശ് രാമല്ലൂർ മൂപ്പാട്ടിമുകൾ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 21-19/20, 05.09.19 | 4,06,000 | - | 4,06,00 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് ആയി തുക നൽകിയിട്ടില്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ | 90/13 തസ്വഭവ 14.3.13 | 72 ലക്ഷം | 4576800 | 4576800 | | 0 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 2003-04 | 3-9 | 2014-15 | | ഊന്നുകല്ല് നിരപ്പ് കോളനി ജലസേചനം | മറ്റൊരു കുടിവെള്ള പദ്ധതി സമീപത്ത് ആരംഭിച്ചതിനാൽ ഇനി കൂടുതൽ തുക ചെലവഴിക്കേണ്ടെന്നു തീരുമാനിച്ചു. |
| 2005-06 | 3-10 | 2007-08 | | പട്ടികജാതി തൊഴിൽ പരിശീലനം | 01-07-19 ൽ ഗ്രാമ വികസന കമ്മീഷണർക്ക് മറുപടി നൽകി |
| 2005-06 | 3-11 | 2007-08 | | പട്ടികജാതി വനിത കമ്പ്യൂട്ടർ പരിശീലനം | -ടി- |

## 4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 53350826 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 58856242 |
| വരവിനങ്ങളിലുള്ള നഷ്ടം | 15175 |
| ചെലവിനങ്ങളിലെ നഷ്ടം | 5681 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1860314 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| | നഷ്ടമായ തുക | | |
|---|---|---|---|
| ഖണ്ഡിക നമ്പർ | ചാർജ്ജ് ചെയ്യാവുന്നവ | സർച്ചാർജ്ജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
| ഇല്ല | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 4,06,000/- | ശ്രീ ഷൈമോൻ ജോസഫ്, സെക്രട്ടറി |
| 1-15 | 10,00,000/- | ശ്രീ ഷൈമോൻ ജോസഫ്, സെക്രട്ടറി |
| 1-17 | 4,54,314/- | ശ്രീ ലാൽകുമാർ ജെ.ആർ., സെക്രട്ടറി |
| ആകെ | 18,60,314/- | |

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-11 | 5,681/- | ലാൽകുമാർ ജെ.ആർ., സെക്രട്ടറി |
| ആകെ | 5,681/- | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ ഷൈമോൻ ജോസഫ്, സെക്രട്ടറി | സെക്രട്ടറി, നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് | എടയിടത്ത് ഹൗസ്, വെതേൽ പി.ഒ. ഇടുക്കി-685514 |
| ശ്രീ ലാൽകുമാർ ജെ.ആർ., സെക്രട്ടറി | സെക്രട്ടറി, വടവുകോട് ബ്ലോക്ക് പഞ്ചായത്ത് | അതുല്യ, ആനകോട്ടൂർ, കൊട്ടാരക്കര. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1999-2000 | കെ.എസ്.എ.-ഇ.കെ.എം.(ബി.പി.)1291/19 തീ.9.10.2019 |

| | |
|---|---|
| 2000-2001<br>2001-02<br>2002-03<br>2003-04<br>2004-05<br>2005-06<br>2006-07<br>2007-08<br>2008-09<br>2009-10<br>2011-12<br>2012-13<br>2014-15 &<br>2015-16 | |
| 2017-18 | കെ.എസ്.എ.-ഇ.കെ.എം.(ബി.പി.)282/19, തീ. 11.03.2019 |
| 2018-19 | കെ.എസ്.എ.-ഇ.കെ.എം.(ബി.പി.)1582/19, തീ.19.02.2020 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ജോയിന്റ് ഡയറക്ടർ**
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ല

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ വടവുകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ വടവുകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം.1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1413/2018/ത.സ്വ.ഭ.വ. ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **വടവുകോട് ബ്ലോക്ക് പഞ്ചായത്തിന്റെ** 2019-20 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

.

**ജോയിന്റ് ഡയറക്ടർ**

<u>2019-20 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക - അപാകതകൾ</u>

1. വികസന ഫണ്ട് (ജനറൽ) ന്റെ ചെലവ് വിവിധ പത്രികകളിൽ വ്യത്യസ്തമായി കാണുന്നു.

| Receipt and Payment Account (RP-7) പ്രകാരം | Income And Expenditure (I-6) പ്രകാരം | ACR പ്രകാരം |
|---|---|---|
| 2,67,30,479 | 2,72,30,479 | 2,71,35,081 |

2. ബാലൻസ് ഷീറ്റിലെ B – 9 ഷെഡ്യൂളിലെ 350300109, 350410999 ഹെഡുകൾ പ്രകാരമുള്ള തുകകളുടെ (യഥാക്രമം 285851, 81308 രൂപ) നിജസ്ഥിതി ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തിയില്ല.

3. പ്രോജക്റ്റ് നം. 9/20 പ്രകാരം KWA യ്ക്ക് മുൻകൂർ നൽകിയ 406000 രൂപയുടെ വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല. എന്നാൽ ഈ തുക B – 18 ഷെഡ്യൂളിൽ വിനിയോഗിക്കാത്ത മുൻകൂറായി ഉൾപ്പെടുത്തിയിട്ടില്ല.

4. Income and Expenditure Statement ലെ I-18 പ്രകാരം കൊടുത്തിട്ടുള്ള ചുവടെ ചേർക്കുന്ന തുകകളുടെ നിജസ്ഥിതി ഓഡിറ്റിനെ ബോധ്യപ്പെടുത്തിയില്ല.

| ക്രമ നം | ഹെഡ് | തുക |
|---|---|---|
| 1 | 280300599 | 45,76,800 |
| 2 | 280600499 | 43,636 |
| 3 | 280800301 | 11,43,975 |
| 4 | 280800701 | 40,654 |

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ല

## ANNEXURE I

## AUDIT CERTIFICATE

Certified that I have examined the Annual Financial Statement

of **Vadavukode Block Panchayat** in Ernakulam District for the year ended on 31.03.2020 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215(6) of the Kerala Panchayat Raj Act 1994, Rule 64 of Kerala Panchayat Raj Accounting Rules 2011, and guidelines issued by the Comptroller and Auditor General of India for the purpose of Certification of accounts of Panchayat Raj Institutions, and the Instructions vide G.O.(Rt) 1413/2018/ LSGD Dated. 22/05/2018.

In my opinion the Annual Financial Statement of **Vadavukode Block Panchayat** for the year 2019-20 subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

JOINT DIRECTOR

## ANNEXURE II

**Defects Identified on Verification of Vadavukode Block Panchayat Annual Financial Statement for the Year 2019-20**

1. The expenditure amount of Development fund (General) appears different in different statements.

| As per Receipt and Payment Account (RP-7) | As per Income And Expenditure (I-6) | As per ACR |
|---|---|---|
| 26730479 | 27230479 | 27135081 |

2. Details of the amounts in the head of accounts 350300109 & 350410999 (Rupees 285851 & 81308 respectively) of B-9 Schedule was not explained to the audit team.

3.Rs.406000 given to the Kerala water Authority as advance for the pipe extention work is not shown as Advance amount to be utilised, in the B-18 Schedule of the Balance Sheet.

4.Details of the following amounts of I-18 Schedule of the Income and Expenditure Statement were not explained to the audit team.

| Sl. No. | Head of Account | Amount |
|---|---|---|
| 1 | 280300599 | (4576800) |
| 2 | 280600499 | 43636 |
| 3 | 280800301 | 1143975 |
| 4 | 280800701 | 40654 |

JOINT DIRECTOR

KERALA STATE AUDIT DEPARTMENT
ERNAKULAM

sj